# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 120 03.02.2020-ൽ മറുപടിയ്ക്ക്

### പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളും പ്രവാസം കഴിഞ്ഞ് മടങ്ങിയെത്തിയവരുമായ മലയാളികൾക്ക് വർദ്ധിപ്പിച്ച് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | എ) | കേരളീയ പ്രവാസി ക്ഷേമ ബോർഡ് പ്രാരംഭ കാലങ്ങളിൽ 500/-, 1000/- രൂപ നിരക്കിൽ നൽകി വന്നിരുന്ന പ്രവാസി ക്ഷേമ പെൻഷൻ 2000/- രൂപയായും പരമാവധി പെൻഷൻ 4000/- രൂപയായും 2017 സെപ്തംബർ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>പ്രവാസി പുനരധിവാസ പദ്ധതി (NDPREM) യിൽ ലോൺ നൽകുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ മൂലധന സബ്സിഡി 20 ലക്ഷം പ്രോജക്ട് കോസ്റ്റിന്റെ 15 ശതമാനമാണ്. ഈ പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം രണ്ടിൽ നിന്നും 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) | പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.<br>1. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ. ബി.എഫ്.സി.)<br>2. ഓൺലൈൻ ഡാറ്റാ ബേസ്<br>3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ<br>4. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.) |

| | | | |
|---|---|---|---|
| | | | 5. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>6. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി<br>7. നോർക്ക എമർജൻസി റിപ്രാട്രിയേഷൻ ഫണ്ട്.<br>8. ലോക കേരള സഭ<br>9. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>10. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്<br>11. ലോക കേരള കേന്ദ്രം<br>12. നോർക്ക-റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രനിരക്കിൽ 7 ശതമാനം ഇളവ്.<br>13. പ്രവാസി ഡിവിഡന്റ് പദ്ധതി |
| സി) | നിലവിൽ പ്രവാസികൾക്കുള്ള ക്ഷേമപെൻഷൻ എത്രയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) | പ്രാരംഭ കാലങ്ങളിൽ 500/-, 1000/- രൂപ നിരക്കിൽ പ്രവാസി ക്ഷേമ ബോർഡ് നൽകി വന്നിരുന്ന പ്രവാസി ക്ഷേമ പെൻഷൻ കാറ്റഗറി വ്യത്യാസമില്ലാതെ മിനിമം പെൻഷൻ 2000/- രൂപയായും പരമാവധി പെൻഷൻ 4000/- രൂപയായും 2017 സെപ്റ്റംബർ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**